MR. K. A. MATHEW : സെക്രട്ടറിയേറ്റ് റി ഓർഗനൈസ് ചെയ്യുന്നതിനായി ഗവണ്മെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറ് നാളിയുവരെ തൽസംബന്ധമായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

MR. K. A. MATHEW : അതു സംബന്ധിച്ചാലോചിക്കുന്നതാണെന്നു മുമ്പ് സഭയിൽ പ്രസ്താവിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെ ആലോചിക്കണമെന്നുള്ള പക്ഷം തീർച്ചയായും ആലോചിക്കുന്നതാണ്.

MR K. RAMACHANDRAN : സെക്രട്ടറിയേറ്റിൽ യഥാർത്ഥമായി കാലവിളംബം നേരിടുന്നു എന്നു പറയുന്നതു് ഗവണ്മെൻറ് വിശ്വസിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ഗവണ്മെൻറ് തീർച്ചയായും വിശ്വസിക്കും.

Beach Road from Mararikulam to Alleppey Chetticad Road.

* 235. MR. EAPEN ARAKKAL : (*Ambalapuzha I—Lattin Catholic*) : Will the Hon'ble Minister for P. W. D. be pleased to state :

(*a*) Whether it has come to the notice of the Government that in the matter of roads and other communications the coastal strip of Ambalapuzha taluk north of Alleppey is extremely poor and that the people thereof have to walk nearly an hour to reach the nearest road;

(*b*) whether the Government will be pleased to construct a Beach Road from Mararikulam to the northern terminus of the Alleppey Cheticad road, which has been sanctioned in the Budget.

(*c*) whether the Government will be pleased to finish the construction of the Kalavoor Katoor road by extending it to Kattor beach; and

(*d*) whether the Government will be pleased to take up the construction of the road to Poliathyil beach from the 6th Mile stone in the Alleppey-Aroor road ?

HON'BLE MR. K. R. ELANKATHU : (എ) ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഗവണ്മെൻറ് ഈ വിഷയത്തെ കുറിച്ച് ആലോചിച്ച് വേണ്ടതു ചെയ്യുന്നതാണ്.

ഈ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള ആ റൂട്ടിന്റെ അതായതു് കാഞ്ഞിരംചിറ ചെട്ടികാട്ട് റോഡിന്റെ പണിയേപ്പറ്റി ഗവണ്മെൻറുടൻ പരിഗണിക്കുന്നതാണ്.

(സി) ഈ ജോലി എത്രയും വേഗത്തിൽ തീർക്കുന്നതാണ്. ബഡ്ജറ്റിൽ ബഹു: മെംബർ പ്രസ്താവിച്ചതുപോലെ 1 0 0 രൂപയ്ക്കു പ്രൊവിഷനുള്ളതു്. അതു് റിവൈസ് ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എൻജനീയരോടാവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Honble Mr. K. R. Elanakath]

(ഡി) അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. അതിനു ശേഷം വേണ്ടതു് ചെയ്യുന്നതാണു്.

Arrears of land revenue.

* 236. MR EAPEN ARAKKAL: Will the Hon'ble Minister for Land by pleased to state:

(*a*) the number of revenue sales of arrears of land revenue that have taken place in Ambalapuzha and Shertallai taluk in the year 1110 to 1118;

(*b*) the number of petitions filed by the landowners to set aside such revenue sales;

(*c*) the number of such petitions which have been allowed; and

(*d*) the number of such petitions now pending?

HON'BLE MR. V. O. MARKOS: സ്റ്റേറ്റുമെൻറ് വായിക്കാം.

MR. EAPEN ARAKKAL: ൧൧൧൦ മുതൽ ൧൧൧൬ വരെയുള്ള കാലങ്ങളിൽ നാളികേരത്തിന്റെ വില വളരെ കുറവായിരുന്നുവെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS: ൧൧൧൯ മുതലാണു് വില കുറഞ്ഞതു്. ൧൧൧൬-ൽ നല്ല വിലയുണ്ടായിരുന്നു.

MR. EAPEN ARAKKAL: വല കുറഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള ലേലങ്ങളും അസ്ഥിരപ്പെടുത്താനുള്ള ഹർജികളെ സ്റ്റൈറ്റായിട്ടുള്ള ഇറെഗുലാരിറ്റീസ് വിഗണിച്ചു് അവ അസ്ഥിരപ്പെടുത്താൻ ഗവണ്മെൻറിനു് ഒയാട്ടഷ്ടിയുണ്ടാകുമോ?

HON'BLE MR. V. O MARKOS: നിയമസംബന്ധമായ ഇറെഗുലാരിറ്റി ഉണ്ടെങ്കിൽ അസ്ഥിരപ്പെടുത്താവുന്നതാണു്.

MR. EAPEN ARAKKAL: സ്റ്റൈറ്റായിട്ടുള്ള ഇറെഗുലാരിറ്റീസ് തള്ളി കേസ് സ്ഥിരപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങളും ഗവണ്മെൻറിൽനിന്നും നൽകിയാൽ കൊള്ളാം.

HON'BLE MR. V. O. MARKOS: പൊതുവെ അങ്ങനെ നിർദ്ദേശം നൽകാൻ നിവൃത്തിയില്ല. നാളികേരത്തിന്റെ വില കുറഞ്ഞിരുന്നു എന്ന കാരണത്താൽ കേസുകളും അസ്ഥിരപ്പെടുത്താവുന്നതല്ല.

MR. EAPEN ARAKKAL: ൧൧൧൦ മുതൽ ൧൧൧൬ വരെയുള്ള കാലങ്ങളിൽ കരം കൊടുക്കാതെ ലേലത്തിൽ വിറ്റിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചു് അനുഭാവപൂർവ്വമായ ഒരു നില ഗവണ്മെൻറ് സ്വീകരിക്കുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

HON'BLE MR. V. O. MARKOS: നാളികേരത്തിനു വിലയില്ലെങ്കിൽ മറ്റു ജോലി ചെയ്തെങ്കിലും പണമുണ്ടാക്കി വസ്തു സൂക്ഷിക്കേണ്ടതു് ഉടമസ്ഥന്മാരുടെ കടമയാണു്.

LIBRARY ARCHIVES Kerala Legislative Assembly